പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3374      16.12.2015 ലെ മറുപടിയ്ക്ക്

## അഗ്രിസോൺ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കേരള സംസ്ഥാനത്ത് പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 'കേരള പരിപ്രേക്ഷ്യ പദ്ധതി - 2030' (Kerala Perspective Plan 2030) – ൽ നിർദ്ദേശമുണ്ട്.<br><br>പരിസ്ഥിതി സൗഹൃദവും സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഉൾക്കൊള്ളുന്നതുമായ ആദായകരമായ ഒരു തൊഴിൽ എന്ന നിലയിലേയ്ക്ക് കാർഷികവൃത്തിയെ കൊണ്ടുവരിക എന്നതാണ് 2030-ലെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് സാധാരണ കർഷകരുടെ ഒരു ഉപജീവനമാർഗ്ഗമെന്നതിനുപരി മത്സരാധിഷ്ഠിത കാർഷിക രംഗത്ത് പങ്കാളിയായി വിജയം കൈവരിക്കുവാനാണ് വിഭാവന ചെയ്യുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുമെന്നതും സാമ്പത്തിക വികസനം സാധ്യമാക്കുമെന്നതും ആഗോളാടിസ്ഥാനത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട കണ്ടെത്തലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2030 ആകുമ്പോഴേക്കും കേരളത്തിൽ പ്രത്യേക അഗ്രിസോണുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരം സോണുകൾ കാർഷിക സംരംഭകർ സ്വന്തം നിലയിൽ സംസ്ഥാനത്തിന്റെ സഹായത്തോടെ രൂപീകരിക്കേണ്ടതാണ്. കയറ്റുമതി സാധ്യതയേയും ആഭ്യന്തര വിപണിയേയും ലക്ഷ്യമിട്ടുള്ള പ്രവർത്തനമായിരിക്കും അഗ്രിസോൺ വഴി വിഭാവന ചെയ്യുന്നത്. |
| (ബി) | പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | (ബി) | പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് കൃഷി വകുപ്പ് മുഖേന പഠനമൊന്നും നടത്തിയിട്ടില്ല. |

(സി) പ്രസ്തുത പദ്ധതിയിലൂടെ കാർഷികമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

(സി) പ്രത്യേക അഗ്രിസോണുകൾ കാർഷിക സംരംഭകർ സംസ്ഥാനത്തിന്റെ സഹായത്തോടെ സ്വന്തം നിലയിൽ രൂപീകരിക്കുന്നതാണ്. ആഭ്യന്തര വിപണിയെയും കയറ്റുമതി സാധ്യതയെയും ഒരു പോലെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഉത്പാദന പ്രക്രിയയാണ് ഇത്തരം സോണുകളിൽ വിഭാവന ചെയ്യുന്നത്. ഇതിലൂടെ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് വർദ്ധിച്ച ഉത്പാദനക്ഷമതയും ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണിയും സംരംഭകർക്ക് മികച്ച വരുമാനവും സംസ്ഥാനത്തിന്റെ കാർഷിക രംഗത്തിന്റെ സാമ്പത്തിക വികസനവുമാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ